# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2935** — **12.10.2011-ൽ മറുപടിക്ക്**

## സെപ്റ്റേജ് മാലിന്യ സംസ്കരണ പ്ലാന്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) ചേലക്കര മണ്ഡലത്തിൽ കൃഷിവകുപ്പിനു കീഴിലുള്ള കൃഷിഫാമിൽ സെപ്റ്റേജ് മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുവാൻ തീരുമാനിച്ച സാഹചര്യം വിശദമാക്കാമോ; | എ) അഡ്വ.കെ.സുധ എന്ന വ്യക്തി ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)34496/2009 കേസുമായി ബന്ധപ്പെട്ട്, സെപ്റ്റിക് ടാങ്കുകളിലെ മാലിന്യങ്ങൾ ടാങ്കർ ലോറികളിൽ കയറ്റി നദികളിലും വനപ്രദേശങ്ങളിലും പുറന്തള്ളുന്ന അതീവ ഗുരുതരമായ പ്രശ്നം ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയും 23/.05/2011-ലെ ഒരു ഇടക്കാല ഉത്തരവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സ്റ്റാൻറ് എലോൺ സെപ്റ്റേജ് മാലിന്യ സംസ്ക്കരണ പ്ലാൻറുകൾ സ്ഥാപിക്കണമെന്ന് ഉത്തരവാകുകയും ചെയ്തു. ഇതിനാവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി വിജ്ഞാപനം പുറപ്പെടുവിച്ചില്ലെങ്കിൽ ചീഫ് സെക്രട്ടറിയും പരിസ്ഥിതി വകുപ്പ് സെക്രട്ടറിയും 18/07/2011-ന് നേരിട്ട് കോടതിയിൽ ഹാജരായി കോടതിയലക്ഷ്യ നടപടികൾക്ക് വിധേയ രാകാതിരിക്കാൻ കാരണം ബോധിപ്പിക്കണമെന്ന് ഉത്തരവാകുകയുണ്ടായി. . ഹൈക്കോടതി ഉത്തരവിൻെറ അടിസ്ഥാനത്തിൽ, തൃശ്ശൂർ ഉൾപ്പെടെയുള്ള ജില്ലകളിൽ സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കുന്നതിലേയ്ക്കായി സർക്കാർ ഉടമസ്ഥതയിലുള്ള അനുയോജ്യമായ സ്ഥലം കണ്ടെത്താൻ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിലുള്ള സമിതിയെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട നിർദ്ദേശം പരിഗണിച്ച് മന്ത്രിസഭായോഗ തീരുമാന പ്രകാരമാണ് ചേലക്കരയിലെ കൃഷി വകുപ്പിൻെറ ഉടമസ്ഥതയിലുള്ള സ്ഥലം സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറിനായി അനുവദിച്ച് 14/07/2011-ലെ സ.ഉ.(സാധാ.)നം.1877/2011/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവിറക്കിയത്. |

| | | | |
|---|---|---|---|
| ബി) | കൃഷിവകുപ്പിന്റെ അനുവാദത്തോടെയാണോ ഈ ഉത്തരവിറക്കിയതെന്നും എന്നാണ് ഉത്തരവിറക്കിയതെന്നും പറയാമോ; | ബി) | കൃഷി വകുപ്പിൻെറ അനുവാദത്തോടുകൂടിയല്ല ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 14/07/2011-ൽ തദ്ദേശ സ്വയം ഭരണ വകുപ്പാണ് ഉത്തരവ് പുറപ്പെടുവിച്ചത്. |
| സി) | ഈ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നത് നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. |
| ഡി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | ഡി) & ഇ) | ചേലക്കര മണ്ഡലത്തിലെ ചേലക്കര കൃഷി ഫാമിൽ സെപ്റ്റേജ് ട്രീറ്റ്മെൻറ് പ്ലാൻറ് സ്ഥാപിക്കുന്ന നടപടികൾ റദ്ദാക്കണമെന്നാവശ്യപ്പെട്ട് ചേലക്കര എം.എൽ.എ. ശ്രീ.കെ.രാധാകൃഷ്ണൻ ബഹു: കൃഷി വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനം കൃഷി വകുപ്പിൽ നിന്നും അനന്തര നടപടികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്. ആയത് തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ചു വരുന്നു. |
| ഇ) | ഈ പരാതിയുടെ മേൽ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്; | | |
| എഫ്) | ചേലക്കര കൃഷിഫാമിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ടോ; | എഫ്) | ഉണ്ട്. |
| ജി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ പറയാമോ; | ജി) | ചേലക്കര കൃഷി ഫാമിൽ ഒരു ഹെക്ടറിൽ ഔഷധ സസ്യങ്ങളുടെ നഴ്സറി സ്ഥാപിക്കുന്നതിനും, ഒരു ഹെക്ടറിൽ പച്ചക്കറി വിത്തുൽപ്പാദനം നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്. ഔഷധ സസ്യങ്ങളുടെ നഴ്സറി സ്ഥാപിക്കുന്നതിനായി 4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| എച്ച്) | ചേലക്കര കൃഷിഫാമിൽ പ്രസ്തുത മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള എല്ലാ നടപടികളും റദ്ദാക്കുമോ? | എച്ച്) | പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

R. A. Balige

**സെക്ഷൻ ഓഫീസർ**